## തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# തടവുചാടിയ നിരവധി മോഷണക്കേസ്സുകളിലെ പ്രതിയെ ബംഗളൂരുവിൽ നിന്നും പിടികൂടി

## കോവിഡ്-19

# വിലക്ക് ലംഘനം - 23 പേർക്കെതിരെ കേസ് 19,800/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു പിടിച്ചുപറി കേസ്സിൽ പിടിക്കപ്പെട്ട് വർക്കല ക്വാറന്റൈൻ കേന്ദ്രത്തിൽ റിമാൻറിൽ കഴിഞ്ഞ് വരവേ തടവ് ചാടിയ നിരവധി മോഷണക്കേസ്സിലെ പ്രതിയെ ബംഗളൂരുവിൽ നിന്നും പിടികൂടിയതായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം & ട്രാഫിക്) ഡോ. ദിവ്യ. വി. ഗോപിനാഥ് അറിയിച്ചു. മാക്കാൻ വിഷ്ണു എന്നു വിളിക്കുന്ന വിഷ്ണു (25)-വിനെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. ക്വാറന്റൈൻ കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ ഓഗസ്റ്റ്-10 നാണ് ഇയാൾ തടവ് ചാടിയത്. തുടർന്ന് ഒളിവിൽ കഴിഞ്ഞ് വരവെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പരിധിയിലെ കുമാരപുരത്ത് നിന്നും ഒരു ഡ്യൂക്ക് ബൈക്ക് മോഷണം നടത്തുകയും ചെയ്തു. കൂടാതെ 22-09-2020-ന് രാത്രി കഴക്കൂട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ കുളത്തൂർ 'മൈക്രോടെക് സിസ്റ്റം ആൻഡ് സൊല്യൂഷൻ' എന്ന ഷോപ്പ് കുത്തിത്തുറന്ന് വിലപിടിപ്പുള്ള ലാപ് ടോപ്പും മൊബൈൽ ഫോണും, ഹെഡ് ഫോണുകളും, രൂപയും കവർച്ച നടത്തിയിട്ടുള്ളതുമാണ്. മോഷണ മുതലുകളുമായി തമിഴ്നാട്ടിലേയ്ക്ക് കടന്ന ഇയാൾ യാത്രാ വേളയിൽ സേലത്തിന് സമീപം വാഹനം



മെഡിക്കൽകോളേജ് പോലീസ് പിടിയിലായ
വിഷ്ണു @ മാക്കാൻ വിഷ്ണു (25)

അപടകടത്തിൽപ്പെട്ട് സേലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആകുകയും ചെയ്തു. പോലീസ് പിടിയിലാകുമെന്ന് മനസ്സിലാക്കിയ ഇയാൾ ആശുപത്രിയിൽ നിന്നും മുങ്ങി ബംഗളൂരുവിൽ എത്തി ഒളിവിൽ കഴിഞ്ഞുവരുകയായിരുന്നു. ഇയാളുടെ ഒളിസങ്കേതം മനസ്സിലാക്കിയ പോലീസ് അതിസാഹസികമായാണ് പിടികൂടിയത്.

മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ എസ്. എച്ച്. ഒ ഹരിലാലിന്റെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർ പ്രശാന്ത്, എസ്.സി.പി.ഒ. രഞ്ജിത്, സി.പി.ഒ വിനീത്, പ്രതാപൻ, ഷൈനു എന്നിവർ അടങ്ങിയ സംഘമാണ് അന്വേഷണം നടത്തി വിഷ്ണുവിനെ അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ 2 വാഹന മോഷണക്കേസ്സുകൾ ഉൾപ്പെടെ ഫോർട്ട്, വഞ്ചിയൂർ, കഴക്കൂട്ടം, പൂന്തുറ, പേട്ട തുടങ്ങിയ വിവിധ പോലീസ് സ്റ്റേഷനുകളിലായി 40 ഓളം മോഷണ, പിടിച്ചുപറി കേസ്സുകൾ നിലവിലുള്ളതായും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻറ് ചെയ്തു.

## കോവിഡ് സുരക്ഷ- കേസ് വിവരം

കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (27-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 23 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 89 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 10 പേരിൽ നിന്നുമായി 19,800/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 6 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാത്ത 2 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ, ഡോ. ദിവ്യ വി ഗോപിനാഥ് അറിയിച്ചു.

തിരുവനന്തപുരം സിറ്റി

27-09-2020

ഡെപ്യൂട്ടി പോലീസ് കമ്മീഷണർക്ക് വേണ്ടി

27/09/20

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE · THIRUVANANTHAPURAM CITY · Government of Kerala